പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 736

29.10.2019 -ൽ മറുപടിയ്ക്ക്

## വള്ളംകളി ലീഗ് മത്സരങ്ങൾ

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ : | | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി |
|---|---|---|---|
| എ) | സംസ്ഥാനത്ത് വള്ളംകളി ലീഗ് മത്സരങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | എ) | പ്രഥമ ചാമ്പ്യൻസ് ബോട്ട് ലീഗ് വള്ളംകളി താഴെ ചേർക്കുന്ന സമയക്രമത്തിൽ നടന്ന് വരുന്നു.<br>1. നെഹ്റുട്രോഫി ബോട്ട് റേസ്, ആലപ്പുഴ- ആഗസ്റ്റ് 31<br>2. താഴത്തങ്ങാടി, കോട്ടയം- സെപ്റ്റംബർ 7<br>3. കരുവാറ്റ, ആലപ്പുഴ-സെപ്റ്റംബർ 14<br>4. പിറവം, എറണാകുളം-സെപ്റ്റംബർ 28<br>5. മറൈൻ ഡ്രൈവ്, എറണാകുളം- ഒക്ടോബർ 5<br>6. കോട്ടപ്പുറം, തൃശ്ശൂർ-ഒക്ടോബർ 12<br>7. കോട്ടപ്പുറം, തൃശ്ശൂർ- ഒക്ടോബർ 19 (സാങ്കേതിക കാരണങ്ങളാൽ പൊന്നാനിയിൽ നിശ്ചയിച്ചിരുന്ന വള്ളംകളി കോട്ടപ്പുറത്തുവച്ച് നടത്തി)<br>8. കൈനകരി, ആലപ്പുഴ-ഒക്ടോബർ 26<br>9. പുളിങ്കുന്ന്, ആലപ്പുഴ-നവംബർ 2<br>10. കായംകുളം, ആലപ്പുഴ-നവംബർ 9<br>11. കല്ലട, കൊല്ലം-നവംബർ 16<br>12. പ്രസിഡന്റ്സ് ട്രോഫി ബോട്ട് റേസ്, കൊല്ലം -നവംബർ 23<br>സ്റ്റാർ സ്പോർട്സ് 2, സ്റ്റാർ സ്പോർട്സ് 2 എച്ച്.ഡി, സ്റ്റാർ സ്പോർട്സ് 1 തമിഴ്, ഏഷ്യാനെറ്റ് വേൾഡ് വൈഡ്, ഏഷ്യാനെറ്റ് പ്ലസ്, ഹോട്ട് സ്റ്റാർ എന്നീ ചാനലുകളിൽ വൈകിട്ട് നാല് മുതൽ അഞ്ച് വരെ മത്സരങ്ങൾ തത്സമയം കാണാം. ഇടിവി ആന്ധ്രാപ്രദേശ്. ഇടിവി തെലങ്കാന എന്നീ |

| | | | |
|---|---|---|---|
| | | | ചാനലുകളിൽ റെക്കോർഡ് ചെയ്ത സംപ്രേഷണവുമുണ്ടാകും.<br><br>മത്സരിക്കുന്ന ടീമുകളുടെ വിവ.രങ്ങൾ താഴെ ചേർക്കുന്നു.<br>1. പള്ളാത്തുരുത്തി ബോട്ട് ക്ലബ്ബ്- ട്രോപ്പിക്കൽ ടൈറ്റൻസ് (നടുഭാഗം )<br>2.പോലീസ് ബോട്ട് ക്ലബ്ബ്- റേഞ്ചിംഗ് റോവേഴ്സ് (കാരിച്ചാൽ ).<br>3. യുണൈറ്റഡ് ബോട്ട് ക്ലബ്ബ്, കട്ടമംഗലം കൈനകരി- കോസ്റ്റ് ഡൊമിനേറ്റേഴ്സ് (ചമ്പക്കുളം)<br>4. എൻസിഡിസി കുമരകം- മൈറ്റി ഓർസ് (ദേവാസ്)<br>5. വില്ലേജ് ബോട്ട് ക്ലബ്ബ് എടത്വ- ബാക്ക് വാട്ടർ നൈറ്റ്സ് (ഗബ്രിയേൽ)<br>6. കെബിസി/എസ്എഫ്ബിസി കുമരകം- തണ്ടർ ഓർസ് (മഹാദേവിക്കാട് കാട്ടിൽ തെക്കേതിൽ)<br>7. വേമ്പനാട് ബോട്ട് ക്ലബ്ബ്, കുമരകം-പ്രൈഡ് ചേസേഴ്സ് (വീയപുരം)<br>8. ടൗൺ ബോട്ട് ക്ലബ്ബ്, കുമരകം-ബാക്ക് വാട്ടർ വാരിയേഴ്സ് (പായിപ്പാടൻ)<br>9. ബ്രദേഴ്സ് ബോട്ട് ക്ലബ്ബ്, എടത്വ-ബാക്ക് വാട്ടർ നിൻജ (സെ.ജോർജ്ജ്)<br><br>ഉച്ചതിരിഞ്ഞ് 2 മണി മുതൽ 5 മണിവരെയാണ് മത്സരങ്ങൾ നടക്കുന്നത്. |
| ബി) | ലീഗിൽ ഉൾപ്പെട്ടിട്ടുള്ള മൽസരങ്ങൾക്ക് എന്തെല്ലാം ആനുകൂല്യം ലഭിക്കുമെന്ന് വിശദമാക്കുമോ; | ബി) | ലീഗ് ജേതാക്കൾക്ക് 25 ലക്ഷം രൂപയാണ് സമ്മാനത്തുക. രണ്ടും മൂന്നും സ്ഥാനക്കാർക്ക് യഥാക്രമം 15, 10 ലക്ഷം രൂപ വീതം സമ്മാനമായി ലഭിക്കും. 5.9 കോടി രൂപയാണ് സിബിഎല്ലിന്റെ മൊത്തം സമ്മാനത്തുക. ഹീറ്റ്സിൽ മൂന്നുവീതം ചുണ്ടൻ വള്ളങ്ങളാണ് മത്സരിക്കുന്നത്. ഹീറ്റ്സിൽ ഒന്നാമതെത്തിയ നാല് ടീമുകൾ അതത് മത്സര ദിവസത്തെ ഫൈനലിൽ തുഴയും. 12 മത്സരങ്ങളിലും ഒന്നും രണ്ടും മൂന്നും സ്ഥാനത്തെത്തുന്നവർക്ക് യഥാക്രമം 5 ലക്ഷം, 3 ലക്ഷം, 1 ലക്ഷം രൂപ വീതം സമ്മാനത്തുക ലഭിക്കും. പുറമെ |

| | | | |
|---|---|---|---|
| | | | പങ്കെടുക്കുന്ന എല്ലാ ടീമുകൾക്കും 4 ലക്ഷം രൂപ വീതവും ലഭിക്കും. |
| സി) | മികച്ച നിലയിൽ സംഘടിപ്പിക്കുന്ന കരുനാഗപ്പള്ളി ശ്രീനാരായണ ട്രോഫി ജലോത്സവത്തെ ലീഗ് മത്സരങ്ങളിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | സി) | ശ്രീനാരായണ ട്രോഫി ജലോത്സവത്തെ ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ വേദിയായി ഉൾപ്പെടുത്തുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ